വിദ്യാഭ്യാസ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി, ഉന്നത വിദ്യാഭ്യാസ വകുപ്പ് സെക്രട്ടറി, സാങ്കേതിക വിദ്യാഭ്യാസ വകുപ്പ് സെക്രട്ടറി, സാങ്കേതിക സർവ്വകലാശാല വൈസ് ചാൻസലർ, പ്രോ-വൈസ് ചാൻസലർ, സ്വാശ്രയ എഞ്ചിനീയറിംഗ് കോളേജ് മാനേജ്മെന്റ് പ്രതിനിധികൾ തുടങ്ങിയവർ യോഗത്തിൽ സംബന്ധിച്ചു. ഈ യോഗ തീരുമാനപ്രകാരം ക്രിസ്തുമസ് അവധി കഴിഞ്ഞാലുടൻ മറ്റ് സംസ്ഥാനങ്ങളിൽ കാലങ്ങളായി അനുവർത്തിച്ച് വരുന്നതുപോലെ ഒന്നാം സെമസ്റ്റർ എഞ്ചിനീയറിംഗ് പരീക്ഷ നടത്തുന്നതിന് ധാരണയായിട്ടുണ്ട്. അതേസമയം സർക്കാർ/യൂണിവേഴ്സിറ്റി വികസിപ്പിച്ചെടുക്കുന്ന സോഫ്റ്റ്വെയർ ഉപയോഗിച്ച് ഓൺലൈൻ പരീക്ഷ നടത്താൻ തടസ്സമില്ലെന്നും സ്വകാര്യ ഏജൻസിവഴിയുള്ള ഓൺലൈൻ പരീക്ഷാ നടത്തിപ്പ് സ്വീകാര്യമല്ലെന്നും വിദ്യാർത്ഥി സംഘടനാ പ്രതിനിധികൾ ഒരുപോലെ പ്രസ്തുത യോഗത്തിൽ വ്യക്തമാക്കിയ സാഹചര്യത്തിൽ എ. പി. ജെ. അബ്ദുൾ കലാം സാങ്കേതികശാസ്ത്ര സർവ്വകലാശാലതന്നെ ഒരു സോഫ്റ്റ്വെയർ അടിയന്തരമായി വികസിപ്പിച്ചെടുക്കാൻ തീരുമാനിച്ചിട്ടുണ്ട്.

16. സ്മാരക മന്ദിരം നിർമ്മിക്കൽ

<u>ശ്രീ. വർക്കല കഹാർ</u>: സർ, മഹാത്മാജി ശിവഗിരിയിലെത്തി ശ്രീനാരായണ ഗുരുദേവനുമായി ആശയവിനിമയം നടത്തിയത് നമ്മുടെ രാജ്യത്തിന്റെ ചരിത്രത്തിലെ സുപ്രധാന സംഭവമാണ്. ശിവഗിരിയിലെ വനജാക്ഷി മന്ദിരത്തിൽവച്ചാണ് ആ കൂടിക്കാഴ്ചയുണ്ടായത്. വനജാക്ഷി മന്ദിരം ഗാന്ധിജിയുടെ സന്ദർശനത്തിനുശേഷം ഗാന്ധി ആശ്രമമെന്ന പേരിലും അറിയപ്പെടുന്നു. രണ്ട് മഹാത്മാക്കളുടെ സമാഗമം വിലപ്പെട്ട ഏടുകളിൽ രേഖപ്പെടുത്തിയിട്ടുള്ളതാണ്. ഇരുവരും ചേർന്ന് നടത്തിയ ആശയ സംവാദം നമ്മുടെ ദേശീയ സാമൂഹിക ചരിത്രത്തിലെ സുപ്രധാന സംഭവമാണ്. പിൽക്കാലത്ത് ഭാരതീയ സാമൂഹികനിലയുടെ ഗതിവിഗതികളിൽ ആ സന്ദർശനം വലിയ സ്വാധീനം ചെലുത്തുകയുണ്ടായി. അവരുടെ ആശയ വിനിമയം നടന്ന പ്രദേശം ചരിത്രത്തിൽ എന്നും ഓർമ്മിക്കപ്പെടുന്ന രീതിയിൽ ദേശീയ സ്മാരകമായി ഉയർത്തുന്നതിനുവേണ്ട നടപടികൾ സ്വീകരിക്കണമെന്ന് ബഹുമാനപ്പെട്ട സാംസ്കാരിക വകുപ്പുമന്ത്രിയോട് അഭ്യർത്ഥിക്കുകയാണ്.

ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി (<u>ശ്രീ. കെ. സി. ജോസഫ്</u>): സർ, 1925 മാർച്ച് 12-ാം തീയതി ഗാന്ധിജി ശിവഗിരിയിലെത്തുകയും വനജാക്ഷി മന്ദിരത്തിൽവച്ച് ഗുരുദേവനുമായി ചർച്ച നടത്തുകയുമുണ്ടായി. ഗുരുദേവൻ താമസിച്ചിരുന്ന വൈദ്യമഠത്തിലാണ് അന്ന് ഗാന്ധിജി അന്തിയുറങ്ങിയത്. 13-ാം തീയതി അദ്ദേഹം വനജാക്ഷി മന്ദിരത്തിന്

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

സമീപംവച്ച് പൊതുജനങ്ങളെ അഭിസംബോധനചെയ്ത് സംസാരിക്കുകയുണ്ടായി. ഗാന്ധിജി ഗുജറാത്തി ഭാഷയിൽ രചിച്ച ഗുജറാത്തി ഡയറിയിലെ നൂറ്റിയമ്പതാമത്തെ പേജിൽ ഈ കാര്യം രേഖപ്പെടുത്തിയിട്ടുണ്ട്. അധ:കൃതവർഗ്ഗക്കാർക്ക് പൊതുനിരത്തുകളിൽ സഞ്ചാര സ്വാതന്ത്ര്യം അനുവദിക്കുന്നകാര്യം ചർച്ച ചെയ്യാനാണ് ഗാന്ധിജി ശിവഗിരിയിലെത്തിയത്. വർക്കല ശിവഗിരി ആശ്രമത്തിനടുത്തുള്ള വനജാക്ഷി മന്ദിരം കിഴക്കോട്ട് ദർശനമായിട്ടുള്ളതും വെട്ടുകല്ലിൽ നിർമ്മിച്ച് കുമ്മായം പൂശിയതും അഞ്ച് മുറികളുള്ള ഓട് മേഞ്ഞതുമായ കെട്ടിടമാണ്. ശ്രീനാരായണ ഗുരുദേവന്റെ ശിഷ്യനായിരുന്ന ആലപ്പുഴ ജില്ലയിലെ ആലുംമൂട്ടിൽ തറവാട്ടിലെ എ. കെ. ഗോവിന്ദദാസ് ചാന്നാർ തന്റെ അകാലചരമമടഞ്ഞ മകൾ വനജാക്ഷിയുടെ സ്മരണയ്ക്കായി 36 സെന്റ് സ്ഥലം വാങ്ങി ഈ മന്ദിരവും മണ്ഡപവും പണിത് ഗുരുവിന് സമർപ്പിക്കുകയുണ്ടായി. കാലപ്പഴക്കത്താൽ മണ്ഡപം നശിച്ചുപോയി. 1928-ൽ ഗുരുദേവൻ മഹാസമാധിയായപ്പോൾ ഭൗതികശരീരം ദർശനത്തിന് വച്ചിരുന്നത് ഈ മണ്ഡപത്തിലായിരുന്നു. 90 വർഷത്തിലേറെ പഴക്കമുള്ള വനജാക്ഷി മന്ദിരം ഇപ്പോൾ നാശോന്മുഖമായിക്കൊണ്ടിരിക്കുകയാണ്. ബഹുമാനപ്പെട്ട അംഗം ശ്രീ. വർക്കല കഹാറിന്റെ നിർദ്ദേശപ്രകാരം ആർക്കിയോളജി വകുപ്പ് ഈ സ്ഥലം സന്ദർശിക്കുകയുണ്ടായി. മഹാത്മാഗാന്ധിയുടെ ചരിത്രപ്രാധാന്യമുള്ള സന്ദർശനത്തെപ്പറ്റി ഇന്നലെ ഞാൻ ചർച്ച നടത്തുകയുണ്ടായി. ബഹുമാനപ്പെട്ട മന്ത്രി ശ്രീ. കെ. ബാബുവും ശിവഗിരിമഠം അധികൃതരും എം.എൽ.എ. ശ്രീ. വർക്കല കഹാറും ചർച്ചയിൽ പങ്കെടുത്തിരുന്നു. പുരാവസ്തു വകുപ്പുദ്യോഗസ്ഥർ അടിയന്തരമായി അവിടെ പോകുകയും വനജാക്ഷി മന്ദിരത്തിന്റെ ഒറിജിനാലിറ്റി നഷ്ടപ്പെട്ടുപോകാതെ പഴയരീതിയിൽ തന്നെ പുനർനിർമ്മിക്കാനും അവിടെ ഗാന്ധിജിയുടെയും ഗുരുദേവന്റെയും പ്രതിമകൾ സ്ഥാപിക്കാനും വനജാക്ഷി മന്ദിരത്തിന്റെ ചരിത്ര പ്രാധാന്യം നിലനിർത്തുന്നതിനുള്ള നടപടി സ്വീകരിക്കാനും നിർദ്ദേശം കൊടുത്തിട്ടുണ്ട്. വനജാക്ഷി മന്ദിരത്തിന്റെ പുനരുദ്ധാരണവും ഗുരുദേവന്റെയും ഗാന്ധിജിയുടെയും പ്രതിമ സ്ഥാപിക്കലും ഗുജറാത്തി ഭാഷയിലുള്ള രേഖകളും അതിന്റെ ഇംഗ്ലീഷ്, മലയാളം പരിഭാഷയും രേഖപ്പെടുത്തി അതൊരു വലിയ സ്മാരകമായി സംസ്ഥാന ഗവൺമെന്റ് സൂക്ഷിക്കുന്നതാണ്.

17. നിർമ്മാണ പ്രവൃത്തി ത്വരിതപ്പെടുത്തൽ

<u>ശ്രീ. റ്റി. വി. രാജേഷ്</u> : സർ, പാപ്പിനിശ്ശേരി-പിലാത്തറ കെ.എസ്.ടി.പി. റോഡ് പ്രവൃത്തി ആരംഭിച്ചത് 1-4-2013-ലാണ്. 27 മാസമാണ് അതിന്റെ നിർമ്മാണ കാലാവധിയായി നിശ്ചയിച്ചിരുന്നത്. എന്നാൽ പ്രവൃത്തി ആരംഭിച്ചിട്ട് ഇപ്പോൾ 32 മാസം പിന്നിട്ടിരിക്കുകയാണ്. 40 ശതമാനം പ്രവൃത്തി മാത്രമാണ് ഇതുവരെ പൂർത്തിയായിട്ടുള്ളത്. ഈ റോഡിൽ രണ്ട് റെയിൽവേ മേൽപ്പാലങ്ങളുണ്ട്. അതിൽ ഒന്ന് പാപ്പിനിശ്ശേരിയിലാണ്. രണ്ടു വർഷംകൊണ്ട് അതിന്റെ എഴുപത്തി